# കേരളസർവകലാശാല

**നം.പി.ആർ.227 (a)/2023** **തിരുവനന്തപുരം, തീയതി: 02/11/2023**

## പത്രക്കുറിപ്പ്

### അനന്തപുരിയെ ആവേശത്തിലാഴ്ത്തി കേരളീയത്തിന് വർണ്ണാഭമായ തുടക്കം

വൈവിധ്യമാർന്നതും കരുത്തുറ്റതുമായ ഒട്ടനവധി കഥകൾ പറയുന്ന കേരളീയം വേദികൾ, . കലയും കാര്യവും ഒരുപോലെ ചർച്ചയാകുന്ന നിമിഷങ്ങൾ. കേരളീയത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട 'Uprising Middle Class' എന്ന ഷോർട്ട് ഡോക്യുമെന്ററി, ഒരേസമയം തിരുവനന്തപുരത്തിന്റെ മനോഹാരിതയും, സാമൂഹിക യാഥാർത്ഥ്യങ്ങളും വരച്ചിടുന്നു. സുന്ദരിയായ വെള്ളായണിയും, കച്ചവട കേന്ദ്രമായ ചാല മാർക്കറ്റും, അനന്തപുരിയുടെ ശ്രീപത്മനാഭസ്വാമി ക്ഷേത്രവും, ശംഖുമുഖവും കാനായിയുടെ മത്സ്യകന്യകയും മനോഹരമായ ദൃശ്യങ്ങൾ മാത്രമല്ല, ജനങ്ങളുടെ ജീവിതത്തെ കൂടി അടയാളപ്പെടുത്തുന്നതാണ്. ചെറിയ ചെറിയ കാര്യങ്ങളിലൂടെ സന്തോഷം കണ്ടെത്തുന്ന, അതേസമയം ജീവിതത്തെ ഒരു കരയ്ക്കടുപ്പിക്കാൻ തുഴഞ്ഞു കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ പ്രതിനിധികളെ കൂടി ഈ ഡോക്യുമെന്ററി മുന്നോട്ടുവയ്ക്കുന്നു. കേരള സർവകലാശാല ക്യാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് വിദ്യാർത്ഥികളാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. സമൂഹത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടേണ്ടത് സാധാരണക്കാരുടെ ജീവിതമാണെന്ന ചിന്തയും ഇവർ മുന്നോട്ടുവയ്ക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**